ഉത്തരം

(എ) അഞ്ചു ബ്രാഞ്ചുകൾ. ഓരോന്നിനും അറുപത് വിദ്യാർത്ഥികൾക്ക് വീതം പ്രവേശനം നൽകി വരുന്നു.

(ബി) ഇല്ല.

(സി) താഴെ പറയുന്ന തസ്തികകൾ നിലവിൽ ഒഴിഞ്ഞു കിടക്കുകയാണ്.

1.	ഫസ്റ്റ് ഗ്രേഡ് ഇൻസ്ട്രക്ടർ (മെക്കാനിക്കൽ)	- 2
2.	വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ	- 2
3.	ട്രേഡ് ഇൻസ്ട്രക്ടർ	- 1
4.	ട്രേഡ്സ്മാൻ	- 9
5.	എൽ. ഡി. ക്ലാർക്ക്-കം-ടൈപ്പിസ്റ്റ്	- 1
6.	ലൈബ്രേറിയൻ ഗ്രേഡ് - 4	- 1
7.	സ്റ്റോർ അറ്റൻഡർ	- 1
8.	ഡ്രൈവർ	- 1
9.	ഡ്രൈവർ-കം-ക്ലീനർ	- 1
10.	ലൈബ്രറി അറ്റൻഡർ	- 1
11.	ബസ് ക്ലീനർ	- 1
12.	എൽ. ഡി. ക്ലാർക്ക്	- 1
13.	സ്റ്റീവാർഡ്	- 1
14.	മേട്രൺ	- 1
15.	ലക്ചറർ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്	- 1

(ഡി) ഈ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ റിപ്രോഗ്രാഫിക് സെന്റർ

57 (T.3698) ശ്രീ. ടി. കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ റിപ്രോഗ്രാഫിക് സെന്ററിന്റെ കീഴിൽ എത്ര സബ്, സെന്ററുകൾ ഉണ്ടെന്നും അവയുടെ ഓരോന്നിന്റെയും വരുമാനം എത്ര വീതമാണെന്നും വ്യക്തമാക്കുമോ ;

(ബി) ഈ സ്ഥാപനത്തിൽ പുതിയ സെന്ററുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) റിപ്രോഗ്രാഫിക് സെന്ററിൽ കരാർ അടിസ്ഥാനത്തിലും താൽക്കാലിക അടിസ്ഥാനത്തിലും എത്ര പേർ ജോലി നോക്കുന്നുണ്ട് ;

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത സെന്ററിൽ അനുവദിച്ചിട്ടുള്ളതും എന്നാൽ വർഷങ്ങളായി ഒഴിഞ്ഞുകിടക്കുന്നതുമായ തസ്തികൾ എത്ര ; അവ ഏതെല്ലാം ;

(ഇ) ഈ ഒഴിവുകൾ പരസ്യം ചെയ്ത് നികത്തുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ റിപ്രോഗ്രാഫിക് സെന്ററിന്റെ കീഴിൽ പതിമൂന്ന് ഉപകേന്ദ്രങ്ങളുണ്ട്. ഒൻപത് എണ്ണം സബ്സെന്ററുകളും നാല് എണ്ണം എക്സ്റ്റൻഷൻ സെന്ററുകളുമാണ്. അവയുടെ 1998-99 ലെ വരുമാനം താഴെ ചേർക്കുന്നു.

1.	ട്രെയിനിംഗ് സെന്റർ, തിരുവനന്തപുരം	-	26,72,322
2.	സബ്സെന്റർ, കൊല്ലം	-	22,24,906.55
3.	സബ്സെന്റർ, ആലപ്പുഴ	-	8,72,670.95
4.	സബ്സെന്റർ, പത്തനംതിട്ട	-	3,88,790.75
5.	സബ്സെന്റർ, കോട്ടയം	-	30,25,332.30
6.	സബ്സെന്റർ, തിരൂർ	-	16,23,716.00
7.	സബ്സെന്റർ, തൊടുപുഴ	-	21,54,642.20
8.	സബ്സെന്റർ, എറണാകുളം	-	19,81,031.40
9.	സബ്സെന്റർ, കോഴിക്കോട്	-	16,51,647.00
10.	എക്സ്റ്റൻഷൻ സെന്റർ, അഞ്ചൽ	-	18,02,591.00
11.	എക്സ്റ്റൻഷൻ സെന്റർ, ഈരാറ്റുപേട്ട	-	4,23,760.00
12.	എക്സ്റ്റൻഷൻ സെന്റർ, കടുത്തുരുത്തി	-	61,075.00
13.	എക്സ്റ്റൻഷൻ സെന്റർ, വടകര	-	1999-2000

സാമ്പത്തിക വർഷത്തിലാണ് ഈ സെന്റർ സ്ഥാപിതമായത്.

(ബി) പുതിയ സെന്ററുകൾ സ്ഥാപിക്കുന്നതു സംബന്ധിച്ചുള്ള തീരുമാനം എടുക്കേണ്ടത് സെന്ററിന്റെ ഗവേണിംഗ് ബോഡിയാണ്.

(സി) കരാർ അടിസ്ഥാനത്തിൽ 551 പേരും ദിവസകൂലി അടിസ്ഥാനത്തിൽ 103 പേരും ജോലി ചെയ്യുന്നുണ്ട്.

(ഡി) വർഷങ്ങളായി ഒഴിഞ്ഞു കിടക്കുന്ന തസ്തികകളൊന്നും തന്നെ സെന്ററിലില്ല. എന്നാൽ ഭരണപരമായ കാരണങ്ങളാൽ ചില തസ്തികകൾ നികത്താൻ കഴിഞ്ഞിട്ടില്ല. ഒഴിഞ്ഞുകിടക്കുന്ന തസ്തികകളും അവയുടെ എണ്ണവും അനുബന്ധമായി ചേർത്തിരിക്കുന്നു.†

†അനുബന്ധം XI

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ചില ഒഴിവുകൾ പരസ്യം ചെയ്ത് നികത്തുന്നതിനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചുകഴിഞ്ഞു. ബാക്കിയുള്ള ഒഴിവുകളും പരസ്യം ചെയ്തു നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

വിദ്യാഭ്യാസ മേഖലയിലുള്ള വിവിധ പ്രോജക്ടുകൾ

58 (3699) ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ മേഖലയിലുള്ള വിവിധ പ്രോജക്ടുകൾ ഇപ്പോൾ നടപ്പാക്കി വരുന്ന ജില്ലാ പഞ്ചായത്തുകളുടെ ജില്ലാ വയോജന വിദ്യാഭ്യാസ ആഫീസ് നിർത്തലാക്കാനുള്ള തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) വിവിധ മേഖലകളിൽ നിന്നും ഈ ഓഫീസുകൾ നിർത്തലാക്കരുതെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) ജില്ലാ വയോജന വിദ്യാഭ്യാസ ആഫീസുകൾ നിർത്തലാക്കുന്ന കാര്യം സർക്കാർ പുനഃപരിശോധിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) തൽക്കാലം പരിഗണനയിലില്ല.

ജില്ലാ പഞ്ചായത്തുകളുടെ വിദ്യാഭ്യാസമേഖലയിലുള്ള വിവിധ പ്രോജക്ടുകൾ

59 (3700) ശ്രീ. ഏഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ പഞ്ചായത്തുകളുടെ വിദ്യാഭ്യാസ മേഖലകളിലുള്ള വിവിധ പ്രോജക്ടുകൾ ഇപ്പോൾ നടപ്പാക്കി വരുന്ന ജില്ലാ വയോജന വിദ്യാഭ്യാസ ഓഫീസ് നിർത്തലാക്കുവാനുള്ള തീരുമാനം സർക്കാർ പുനഃപരിശോധിക്കുമോ ;

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിൽ ക്ലാസ്സ് 4 ജീവനക്കാരായി ജോലി ചെയ്യുന്ന നിശ്ചിത യോഗ്യതയുള്ളവരെ ക്ലാർക്കുമാരായി പ്രമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തൽക്കാലം നിർവാഹമില്ല.

(ബി) ക്ലാസ്സ് 4 ജീവനക്കാരെ ക്ലാർക്കുമാരായി പ്രൊമോട്ടു ചെയ്തു നിയമിക്കാൻ വ്യവസ്ഥയില്ല.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XI

30-3-2000-ത്തിലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 57 (3698)
ദയവായി കാണുക

കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളും അവയുടെ എണ്ണവും

1.	അസിസ്റ്റന്റ് ഡയറക്ടർ	1
2.	ട്രെയിനിംഗ് ഓഫീസർ	4
3.	പ്രൊഡക്ഷൻ പ്ലാനിംഗ് അസിസ്റ്റന്റ്	9
4.	ഡി.റ്റി.പി. ഓപ്പറേറ്റർ	10
5.	ബൈൻഡർ	8
6.	സെക്യൂരിറ്റി ഓഫീസർ	1
7.	ഹാർഡ്വെയർ ടെക്നീഷ്യൻ	2
8.	ഡ്രൈവർ	2
9.	എൽ. ഡി. ക്ലാർക്ക്	5
10.	റിപ്രോഗ്രാഫിക് അസിസ്റ്റന്റ്	2
11.	ഹെൽപ്പർ	60
12.	ഗാർഡനർ	1
13.	അക്കൗണ്ട്സ് അസിസ്റ്റന്റ്	5
14.	ലാബ് അസിസ്റ്റന്റ് കം-ഇലക്ട്രീഷ്യൻ	1
15.	പ്യൂൺ	3
16.	റിസപ്ഷനിസ്റ്റ്	2
17.	കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	1
18.	ക്യാമറാ ഓപ്പറേറ്റർ - കം - പ്ലേറ്റ്മേക്കർ	2
19.	ഇൻസ്ട്രക്ടർ	3
20.	ഓഫീസ് അസിസ്റ്റന്റ്	5
21.	എൽ. ഡി. ടൈപ്പിസ്റ്റ്	3
22.	വെൽഫയർ സൂപ്പർവൈസർ	1
	ആകെ	**131**

937/2010

LIBRARY ARCHIVES Kerala Legislative Assembly